## സെക്രട്ടറി, റീജിയണൽ ട്രാൻസ്പോർട്ട് അതോറിട്ടിയുടെ നടപടിക്രമം

## (ഹാജർ- സുരേഷ് കെ ആർ )

വിഷയം :-മോ.വാ.വകുപ്പ് – സംസ്ഥാനത്തു നഗര പ്രദേശങ്ങളിൽ സ്വകാര്യ ബസ്സുകൾ തമ്മിൽ നഗര പ്രദേശങ്ങളിൽ 5 മിനിറ്റും പഞ്ചായത്ത് പ്രദേശങ്ങളിൽ 10 മിനിറ്റും സോഴ്സ് ഓഫ് ടെർമിനിയിൽ സമയ ഇടവേള വേണമെന്നുള്ള സർക്കാർ നിർദ്ദേശം നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന റൂട്ടുകളിലെ പെർമിറ്റ് ഉടമകളുടെ മുൻഗണനാക്രമത്തിൻറെ (സർവീസ് സീനിയോറിറ്റി) കരട് പ്രസിദ്ധീകരിക്കുന്നത് -സംബന്ധിച്ച്:-

സൂചന :- 1. സ്പെഷ്യൽ സെക്രട്ടറി, ട്രാൻസ്പോർട്ട് ഡിപ്പാർട്മെൻറ് (ബി) യുടെ B1/87/2025 നമ്പറായ 25/06/2025 തീയതിയിലെ കത്ത്.

2. ട്രാൻസ്പോർട്ട് കമ്മിഷണർ, കേരളയുടെ D4/86/2025-TC നമ്പറായ 31/07/2025-ലെ കത്ത്.

3. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി, കേരളയുടെ 08/08/2025 തീയതിയിലെ ഡിപ്പാർട്മെൻറ് ഐറ്റം നമ്പർ-1 ആയ തീരുമാനം.

4. ബഹുമാനപ്പെട്ട കേരള ഹൈ കോടതിയുടെ WP(C)- 13238/2022 ൻറെ 27/08/2025 തീയതിയിലെ ഉത്തരവ്.

5. 10/09/2025-തീയതിയിലെ ആർ ടി എ , എറണാകുളത്തിൻറെ സ്പെഷ്യൽ മീറ്റിംഗ്.

## ഉത്തരവ് നമ്പർ 07G1/144/2025-KL07 dtd. 25/11/2025

സംസ്ഥാനത്തു സ്വകാര്യ ബസ്സുകൾ തമ്മിൽ നഗര പ്രദേശങ്ങളിൽ 5 മിനിറ്റും പഞ്ചായത്ത് പ്രദേശങ്ങളിൽ 10 മിനിറ്റും സോഴ്സ് ഓഫ് ടെർമിനിയിൽ സമയ ഇടവേള വേണമെന്നുള്ള സർക്കാർ നിർദ്ദേശം, എസ് ടി എ യുടെ 08/08/2025 തീയതിയിലെ തീരുമാനം, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സൂചന-3 പ്രകാരമുള്ള ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കാര്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10/09/2025 തീയതിയിൽ ആർ ടി എ, എറണാകുളത്തിൻറെ സ്പെഷ്യൽ മീറ്റിംഗ് നടത്തുകയും ആർ ടി എ എടുത്ത തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ സ്റ്റേജ് ക്യാരിയജുകളുടെ സമയക്രമം പുനർ നിശ്ചയിക്കുന്നതിന്റെ ഭാഗമായി പ്രമുഖ മലയാളം ദിന പത്രങ്ങളിലൂടെ നിർദ്ദേശം നൽകികൊണ്ട് ആലുവ - ഫോർട്ട് കൊച്ചി, കാക്കനാട് - എറണാകുളം (ഇടക്കൊച്ചി, തൃപ്പൂണിത്തുറ, തേവര തുടങ്ങി മറ്റ് ഡെസ്റ്റിനേഷൻസും), നോർത്ത് പറവൂർ - ഹൈക്കോർട്ട് ജംഗ്ഷൻ, വൈറ്റില - വൈറ്റില സർക്കുലർ എന്നീ റൂട്ടുകളിൽ സർവ്വീസുകൾ നടത്തുന്ന ബസുകളുടെ പെർമിറ്റ് ഉടമകളിൽ നിന്നും പെർമിറ്റ്, ടൈം ഷീറ്റ് എന്നിവയുടെ പകർപ്പുകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ

സൂക്ഷ്മ പരിശോധന നടത്തി ഓരോ റൂട്ടിലേയും പെർമിറ്റ് ഉടമകളുടെ മുൻഗണനാക്രമത്തിൻറെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് അനക്സ്ചർ ആയി ഈ നടപടിക്രമത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത മുൻഗണനാക്രമത്തിൻറെ (സർവീസ് സീനിയോറിറ്റി) കരട് സംബന്ധിച്ച് ആക്ഷേപമുള്ള പെർമിറ്റ് ഉടമകളോ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പെർമിറ്റ് ഉടമകളോ ഉണ്ടെങ്കിൽ, തങ്ങളുടെ വാഹനത്തിൻറെ പെർമിറ്റ്, ടൈം ഷീറ്റ് എന്നിവയുടെ പകർപ്പ് സഹിതം രേഖാമൂലമുള്ള ആക്ഷേപം **14** ദിവസത്തിനകം സെക്രട്ടറി, ആർ ടി എ, എറണാകുളം മുൻപാകെ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Signed by
Suresh K R
Date: 25-11-2025 18:02:35

സെക്രട്ടറി
ആർ ടി എ, എറണാകുളം.

സ്വീകർത്താവ്

ആലുവ - ഫോർട്ട് കൊച്ചി, കാക്കനാട് - എറണാകുളം (ഇടക്കൊച്ചി, തൃപ്പൂണിത്തുറ, തേവര തുടങ്ങി മറ്റ് ഡെസ്റ്റിനേഷൻസും), നോർത്ത് പറവൂർ - ഹൈക്കോർട്ട് ജംഗ്ഷൻ, വൈറ്റില - വൈറ്റില സർക്കുലർ എന്നീ റൂട്ടുകളിലെ പെർമിറ്റ് ഉടമകൾക്ക്.